**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5341** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ..എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നു എങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.<br><br>ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്‌ലെറ്റുകളും കൂടാതെ വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണ കമ്പനികളുമായി ചേർന്ന് രൂപമാറ്റം വരുത്തിയ ബസ്സുകളിൽ ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 8 യാത്രാ ഫ്യൂവൽറീട്ടയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും, കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ് സ്ഥാപിക്കുന്നതിലേക്കായി വാടകയ്ക്ക് അനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ